No.CEE/888/2019/3 LLB-2019/TA2

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

**വിജ്ഞാപനം**

# ത്രിവത്സര എൽഎൽ.ബി കോഴ്സ് പ്രവേശനം, 2019–20 ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ 4 സർക്കാർ ലോ കോളേജുകളിലെയും സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2019–20 വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിൽ നിലവിലുണ്ടായിരുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റ് (മോപ്–അപ്) **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഒഴിവുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിലേയ്ക്ക് മേൽ വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾ പുതുതായി സമർപ്പിച്ച ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

വെബ്സൈറ്റിലെ **'Three Year LL.B 2019 - Candidate Portal'**-ലൂടെ **ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും** കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ്, ഡെപ്പോസിറ്റ് തുക തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ടും എടുക്കാവുന്നതാണ്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചവരും രണ്ടാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിന് മാറ്റം വന്നവരും അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ് ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം അവരുടെ അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക **18** ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **21.08.2019** മുതൽ **26.08.2019** വൈകുന്നേരം **4.00** മണിയ്ക്കകം (അവധി ദിനങ്ങൾ ഒഴികെ) ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ഫീസ് ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്. പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **26.08.2019 വൈകുന്നേരം 5** മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

നിർദ്ദിഷ്ട തീയതികളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റ് നഷ്ടപ്പെടുന്നതാണ്.

**കുറിപ്പ്:** ആദ്യ രണ്ട് ഘട്ട അലോട്ട്മെന്റുകൾ പ്രകാരം പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന പക്ഷം ഇതിനോടകം നേടിയിട്ടുള്ള പ്രവേശനം സ്വാഭാവികമായും നഷ്ടപ്പെടുന്നതിനാൽ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്നും ടി.സിയും അനുബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച തുകയും തിരികെ വാങ്ങി പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതികളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471–2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
20.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**